# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1805** **01.11.2019 -ലെ മറുപടിയ്ക്ക്**

## മാർക്ക് ദാനം നൽകി വിജയിപ്പിക്കൽ

ചോദ്യം ഉത്തരം

**ശ്രീ. പി.കെ.ബഷീർ**

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ബി.ടെക്, ബി.എസ്.സി. നഴ്സിംഗ് എന്നിവയിൽ തോറ്റ വിദ്യാർത്ഥികൾക്ക് മാർക്ക് അനധികൃതമായി നൽകി വിജയിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാം ആണ് ഇത്തരത്തിൽ മാർക്ക് ദാനം നൽകി വിജയിപ്പിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | ഇല്ല, ബാധകമല്ല |
| (ബി) | ഇത്തരത്തിൽ മോഡറേഷൻ നൽകുന്നതിന് അനുമതി നൽകാൻ സിൻഡിക്കേറ്റിന് അല്ലെങ്കിൽ അദാലത്തിന് അധികാരമുണ്ടോ; | (ബി) | മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരം സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും പരീക്ഷാഫലം അംഗീകരിക്കലും ഫലപ്രഖ്യാപനവും സിൻഡിക്കേറ്റിന്റെ അധികാരമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യവും പ്രത്യേകമായി പരിഗണിച്ച് വിദ്യാർത്ഥികൾക്ക് മോഡറേഷൻ നൽകുന്നതിനുള്ള തീരുമാനം സിൻഡിക്കേറ്റ് എടുക്കുകയാണ് ചെയ്യുന്നത്. പാസ്സ് ബോർഡ്, മോഡറേഷൻ നൽകാനുള്ള റെക്കമെന്റേഷൻ മാത്രമാണ് നൽകുന്നത്. അന്തിമ തീരുമാനം എടുക്കുന്നത് സിൻഡിക്കേറ്റാണ്. |
| (സി) | യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് പ്രകാരം ഇത്തരത്തിൽ മാർക്ക് നൽകുന്നതിന് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന് അധികാരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | പരീക്ഷാ നടത്തിപ്പും പരീക്ഷാഫലം അംഗീകരിക്കലും ഫലപ്രഖ്യാപനവും സംബന്ധിച്ച മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 4 ചട്ടം 23 (15) പ്രകാരമാണ് നടത്തുന്നത്. |

<table>
<tr>
<td>(ഡി)</td>
<td>എം.ജി. യൂണിവേഴ്സിറ്റിയിൽ നടന്ന അദാലത്തിൽ പങ്കെടുത്ത ഉദ്യോഗസ്ഥർ ആരെല്ലാം ആണ്; അവരുടെ ഡെസിഗ്നേഷൻ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td>
<td>(ഡി)</td>
<td>എം.ജി യൂണിവേഴ്സിറ്റിയിൽ നടന്ന അദാലത്തിൽ പങ്കെടുത്ത സർവ്വകലാശാലാ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു
<table>
<tr><td>1.</td><td>ശ്രീ. വിജയകുമാർ. ജി</td><td>ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം)</td></tr>
<tr><td>2.</td><td>ശ്രീ. സാബു തോമസ്</td><td>ജോയിന്റ് രജിസ്ട്രാർ (ഭരണ വിഭാഗം)</td></tr>
<tr><td>3.</td><td>ശ്രീ. സുനിൽ ബാബു</td><td>ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണ വിഭാഗം)</td></tr>
<tr><td>4.</td><td>ശ്രീ. രമേഷ് രാഘവൻ</td><td>ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാദമിക്)</td></tr>
<tr><td>5.</td><td>ശ്രീ. ദിലീപ്കുമാർ</td><td>അസിസ്റ്റന്റ് രജിസ്ട്രാർ അക്കാദമിക്)</td></tr>
<tr><td>6.</td><td>ശ്രീ. സണ്ണി പോൾ</td><td>അസിസ്റ്റന്റ് രജിസ്ട്രാർ(പരീക്ഷ വിഭാഗം)</td></tr>
<tr><td>7.</td><td>ശ്രീ. വിനോദ്. ജെ. കെ</td><td>അസിസ്റ്റന്റ് രജിസ്ട്രാർ(പരീക്ഷ വിഭാഗം)</td></tr>
<tr><td>8.</td><td>ശ്രീ. റോജൻ ജോസ്</td><td>അസിസ്റ്റന്റ് രജിസ്ട്രാർ(ഭരണ വിഭാഗം)</td></tr>
<tr><td>9.</td><td>ശ്രീ. സിബി മാത്യൂ</td><td>സെക്ഷൻ ഓഫീസർ</td></tr>
<tr><td>10.</td><td>ശ്രീ. സതീഷ് കുമാർ . ജെ</td><td>സെക്ഷൻ ഓഫീസർ</td></tr>
<tr><td>11.</td><td>ശ്രീ. ഷാനവാസ് വി. എച്ച്</td><td>സെക്ഷൻ ഓഫീസർ</td></tr>
<tr><td>12.</td><td>ശ്രീ. അരുൺകുമാർ. എ</td><td>പബ്ലിക് റിലേഷൻസ് ഓഫീസർ</td></tr>
</table>
മേൽ പറഞ്ഞവരെ കൂടാതെ ശ്രീ. സക്കീർ ഹുസൈൻ വൈ, സെക്ഷൻ ഓഫീസർ, ശ്രീ. ഡോറിറ്റ് ലൂക്കോസ്, അസിസ്റ്റന്റ്, ശ്രീ. വിഷ്ണു വിജയൻ, അസിസ്റ്റന്റ്, ശ്രീമതി. ദേവിക എസ്. ദേവ്, അസിസ്റ്റന്റ്, ശ്രീ. രാജൻ. കെ. കെ, ഓഫീസ് അറ്റന്റന്റ്, ശ്രീ. മുഹമ്മദ് നാസർ എം, സെക്ഷൻ ഓഫീസർ എന്നിവരും അദാലത്തുമായുള്ള പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നു.</td>
</tr>
<tr>
<td>(ഇ)</td>
<td>ഇത്തരത്തിൽ ഏതെല്ലാം സർവകലാശാലകളിൽ തോറ്റ വിദ്യാർത്ഥികളെ മോഡറേഷൻ നൽകി വിജയിപ്പിച്ചിട്ടുണ്ട്; ഇത്തരത്തിൽ മാർക്ക് നൽകിയ വിദ്യാർത്ഥികൾ നേടിയ മാർക്കും, റീവാല്യവേഷൻ മാർക്കും, സപ്ലിമെന്ററി പരീക്ഷകളുടെ മാർക്കും എത്രയായിരുന്നു; വിശദമാക്കാമോ?</td>
<td>(ഇ)</td>
<td>വിവരം ശേഖരിച്ചുവരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ.